# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*124** — **05.02.2019 ൽ മറുപടിയ്ക്ക്**

## തെങ്ങ് കൃഷി വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ. എൻ. ഷംസുദ്ദീൻ<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. അബ്ദുൽ ഹമീദ് പി | ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) തെങ്ങുകളുടെ പരിപാലനവും തെങ്ങിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ സംസ്കരണവും ഉറപ്പാക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

എ) ഉണ്ട്.

നാളികേരത്തിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനായി സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേരകൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ "കേരഗ്രാമം" എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി സംസ്ഥാനത്തെ തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കി വരുന്നു.

കൂടാതെ നാളികേര വികസന ബോർഡ് മുഖേന അനുവദിച്ചിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളായ തെങ്ങ് പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കൽ, പ്രായാധിക്യവും രോഗകീടബാധമൂലവും ഉല്പാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റി ഗുണമേന്മയുള്ള തൈകൾ നട്ടുന്നതിനും ശേഷിക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുക എന്നീ പദ്ധതികളും തെങ്ങുകളുടെ പരിപാലനത്തിനായി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു.

മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സംസ്കരണം ഉറപ്പാക്കുന്നതിന് ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1) മൂല്യവർദ്ധിത സംരംഭങ്ങൾ ആരംഭിക്കുന്നതിനായി എസ്.എഫ്.എ.സി (സ്മോൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം) മുഖാന്തിരം നൽകുന്ന പ്രോജക്ട് അധിഷ്ഠിത ധനസഹായം.

2) കേരഫെഡ്, നാളികേര വികസന കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന

കേരോൽപ്പന്നങ്ങളുടെ ഉല്പാദനവും വിപണനവും.

3) നീര ഒറ്റ ബ്രാൻഡായി തനതായ ആരോഗ്യ പാനീയം എന്ന നിലയിൽ അന്താരാഷ്ട്ര നിലവാരത്തിൽ പുറത്തിറക്കുന്നതിനായി പേരും, ലോഗോയും നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

4) മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ സാദ്ധ്യത മനസ്സിലാക്കുന്നതിനും സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും കർഷകർ, വികസന ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, സംരംഭകർ, വ്യവസായികൾ, പൊതുജനങ്ങൾ എന്നിവരുടെ ഇടപെടലുകൾ സാദ്ധ്യമാക്കുന്നതിനായി വൈഗ എന്ന പേരിൽ പ്രദർശന സെമിനാർ എല്ലാ വർഷവും ഡിസംബർ മാസം സംഘടിപ്പിച്ചു വരുന്നു.

5) സംസ്ഥാനത്ത് കാർഷിക വികസന രംഗത്ത് മൂല്യവർദ്ധനവിനായി അഗ്രോ പാർക്ക് രൂപീകരിക്കുന്നതിനും നടപ്പിലാക്കുന്നതിനും special purpose vehicle (SPV) ആയി കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെ നിയമിക്കുകയും ടി പദ്ധതിയ്ക്ക് 100.13 കോടി രൂപയുടെ ഭരണാനുമതിയും നൽകിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കൂത്താളി ഫാമിലും, വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണിയിലും നാളികേരത്തിന്റെ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള DPR, KAICO കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ബി) | തെങ്ങു കൃഷിയുടെ വിസ്തൃതി, ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ; | ബി) | സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി നാളികേരത്തിന്റെ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലന മുറകൾ സ്വീകരിച്ച് നാളികേരകൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ 21.11.2018 ലെ സർക്കാർ ഉത്തരവ് (കൈ) നം.138/2018/കൃഷി പ്രകാരം സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. ടി നാളികേര വികസന കൗൺസിലിന്റെ ഉദ്ദേശ ലക്ഷ്യങ്ങളിൽ തെങ്ങ് കൃഷിയുടെ വിസ്തൃതി,ഉൽപ്പാദനം,ഉല്പാദന ക്ഷമത എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള കാര്യങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. |

സി) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സി) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പിന്റെ ഫാമുകളിൽ ഗുണമേന്മയുള്ള വിത്ത്തേങ്ങ പാകി ശാസ്ത്രീയമായി പരിപാലിച്ച് തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് കൃഷിഭവനുകൾ വഴിയും ഫാമുകളിൽ നിന്ന് നേരിട്ടും കർഷകർക്ക് ലഭ്യമാക്കി വരുന്നു. കുറിയ ഇനം, നെടിയ ഇനം വിത്ത് തേങ്ങയ്ക്കായി കൃഷി വകുപ്പ് ഫാമുകളിൽ നിന്നും കർഷകരുടെ കൃഷിയിടങ്ങളിൽ നിന്നും ഗുണമേന്മയുള്ള മാതൃവൃക്ഷങ്ങൾ തെരഞ്ഞെടുത്ത് വിത്ത് തേങ്ങ സംഭരിക്കുന്നു.

കൃഷി വകുപ്പിന്റെ എട്ട് കോക്കനട്ട് നഴ്സറികൾ, ജില്ലാ കൃഷി ഫാമുകൾ, സ്പെഷ്യൽ കൃഷി ഫാമുകൾ എന്നിവയിലാണ് പ്രധാനമായി തെങ്ങിൻ തൈകൾ ഉല്പാദിപ്പിക്കുന്നത്.

കൂടാതെ കോക്കനട്ട് കൗൺസിലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം തുടങ്ങിയ സ്ഥാപനങ്ങളിലെ തെങ്ങിൻ തൈ ഉല്പാദന കേന്ദ്രങ്ങൾ മുഖേന ഗുണമേന്മയേറിയ തെങ്ങിൻ തൈകൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്യുവാനും ഉദ്ദേശിക്കുന്നുണ്ട്.

ഒരു വർഷം ഒരു വാർഡിൽ 75 തെങ്ങിൻ തൈകൾ എന്ന കണക്കിൽ പ്രതിവർഷം ശരാശരി 15 ലക്ഷം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവ്വകലാശാല, സി.പി.സി.ആർ.ഐ, നാളികേര വികസന ബോർഡ്, അംഗീകൃത നഴ്സറികൾ എന്നിവ വഴി ഉല്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ.**